**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2006** **26-10-2026-ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ജില്ലാ ആശുപത്രിയുടെ സമഗ്രവികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസന വിപുലീകരണത്തിനായി നിലമ്പൂർ ഗവണ്മെന്റ് യു പി സ്കൂളിന്റെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** 07/11/2020-ലെ സ.ഉ (സാധാ) നം. 2091/2020/ആകവ പ്രകാരം നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസനത്തിനായി KIIFB ഫണ്ടിൽ ഉൾപ്പെടുത്തി 9.38 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ആശുപത്രിയിൽ സ്ഥല സൗകര്യം ഇല്ലാത്തതിനാൽ ആശുപത്രിയോട് ചേർന്നുള്ള നിലമ്പൂർ ഗവ. മോഡൽ യു.പി. സ്കൂളിന്റെ ഏകദേശം 33 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥലം ഏറ്റെടുത്ത പൂർത്തിയാവുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഏജൻസി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**(ബി)** പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ഊർജ്ജിതമാക്കുന്നതിനും ജില്ലാ ആശുപത്രിയുടെ സമഗ്രവികസനം സാധ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**